"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി. സ്മിത മുരളി യുടെ ചികിത്സയ്ക്ക് കൊച്ചി ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1141/2026/LSGD തീയതി, തിരുവനന്തപുരം, 20-06-2026

---

പരാമർശം:-
1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ
2. 28.12.2017 ലെ G.O.(P)No.83/2017/ H&FWD നമ്പർ ഉത്തരവ്
3. ശ്രീമതി. സ്മിതമുരളി യുടെ 15.06.2022 ലെ അപേക്ഷയും ബില്ലുകളും
4. രായമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11.08.2022 ലെ 7(2)-ാംം നമ്പർ തീരുമാനം
5. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 27.09.2023 ലെ എൽ.ഡിസ് 52908/2023/ആ.വ.ഡ നം. കത്ത്
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 30.04.2024 ലെ LSGD/PD/8025/2023-DEG1 നമ്പർ കത്ത്

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി. സ്മിത മുരളി യുടെ ചികിത്സയ്ക്ക് കൊച്ചി ആസ്റ്റർ മെഡിസിറ്റി ആശുപത്രിൽ ചെലവായ 3,05,816/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2) ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (5) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് ചികിൽസായിനത്തിൽ ചെലവായ തുകയിൽ 2,22,333/- രൂപയുടെ 80% ശതമാനം ആയ 1,77,866/-രൂപ (ഒരു ലക്ഷത്തി എഴുപത്തി ഏഴായിരത്തി എണ്ണൂറ്റി അറുപത്തി അറ് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം രായമംഗലം ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ രായമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി. സ്മിത മുരളിയുടെ ചികിത്സയ്ക്കായി 09/06/2022 മുതൽ 17/06/2022 വരെ കൊച്ചി ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 2,22,333/- രൂപയുടെ 80% ശതമാനം ആയ 1,77,866/-രൂപ (ഒരു ലക്ഷത്തി എഴുപത്തി ഏഴായിരത്തി എണ്ണൂറ്റി അറുപത്തി അറ്

രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, രായമംഗലം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം)

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

സെക്രട്ടറി, രായമംഗലം ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല

ശ്രീമതി. സ്മിത മുരളി, ക്ലാർക്ക്, രായമംഗലം ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/422/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 22-06-2026 16:16:35

സെക്ഷൻ ഓഫീസർ